# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## പത്രക്കുറിപ്പ്

## പ്രവേശനപരീക്ഷകളുള്ള ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് മെയ് 15 വരെ ഓൺലൈനായി അപേക്ഷിക്കാം

കാലിക്കറ്റ് സർവ്വകലാശാലയുടെ പഠനവകുപ്പുകൾ, സ്വാശ്രയ സെന്ററുകൾ, അഫിലിയേറ്റഡ് കോളേജുകൾ എന്നിവയിലെ എം.എസ്.സി. കംപ്യൂട്ടർ സയൻസ്, എം.എസ്.സി. ജനറൽ ബയോടെക്നോളജി, എം.എസ്.സി. ഹെൽത്ത് ആന്റ് യോഗതെറാപ്പി, എം.എസ്.ഡബ്ല്യു, എം.സി.ജെ., എം.എസ്.സി. അപ്ലൈഡ് സൈക്കോളജി, എം.എസ്.സി. ക്ലിനിക്കൽ സൈക്കോളജി, എം.എസ്.സി. ഫുഡ് സയൻസ് ആന്റ് ടെക്നോളജി, മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ (എം.പി.എഡ്.), എം.എസ്.സി. റേഡിയേഷൻ ഫിസിക്സ്, എം.എ. ഫോക് ലോർ, എം.എസ്.സി. എൻവയോൺമെന്റൽ സയൻസ്, എം.എസ്.സി. അപ്ലൈഡ് സുവോളജി, എം.എസ്.സി. അപ്ലൈഡ് കെമിസ്ട്രി, എം.എസ്.സി. സൈക്കോളജി, എം.എസ്.സി. അപ്ലൈഡ് പ്ലാന്റ് സയൻസ്, എം.എസ്.സി. അപ്ലൈഡ് ജിയോളജി എന്നീ പ്രവേശന പരീക്ഷകളുള്ള ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് മെയ് 15 വരെ ഓൺലൈനായി അപേക്ഷിക്കാം. വിജ്ഞാപനപ്രകാരം വിവിധ കോഴ്സുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭിക്കേണ്ട ഫീസ് കുടിശ്ശിക വരുത്തിയ കോളേജുകളിലേക്കുള്ള പ്രവേശനം സിൻഡിക്കേറ്റ് തീരുമാനത്തിന് വിധേയമായിരിക്കും.

വിശദവിവരങ്ങൾക്ക് www.cuonline.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഫോൺ : 0494 2407016, 2407017.

ഡയറക്ടർ

C.U. Campus
03.05.2017